## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6728 01.11.2011 ൽ മറുപടിക്ക്

### ബസ് ചാർജ് വർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) റിട്ടയേർഡ് ചീഫ് സെക്രട്ടറി രബീന്ദ്രൻ നായർ ബസ് ചാർജ്ജ് വർദ്ധന സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് നൽകിയിരുന്നോ; | (എ) | നൽകിയിരുന്നു |
| (ബി) എങ്കിൽ എന്നാണ് നൽകിയതെന്നും പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചിരുന്നുവോയെന്നും വ്യക്തമാക്കാമോ; | (ബി) | 23.12.2003 ൽ രബീന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് നൽകിയിരുന്നു. 07.02.2004 ൽ ജി.ഒ. (എം.എസ്) നം.7/2004/ട്രാൻസ് പ്രകാരം ഗവൺമെന്റ് അത് അംഗീകരിക്കുകയും ചെയ്തിരുന്നു. |
| (സി) കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കിലോ മീറ്റർ നിരക്കിനെ സഞ്ചരിക്കുന്ന ദൂരം കൊണ്ട് ഗുണിക്കുമ്പോൾ ലഭിക്കുന്നതായിരിക്കണം അതാത് കാലത്തെ ബസ് നിരക്കെന്ന് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നോ; | (സി | അത്തരത്തിലുള്ള ഒരു നിർദ്ദേശം റിപ്പോർട്ടിൽ ഇല്ല |
| (ഡി) ഇങ്ങിനെ ഒരു നിർദ്ദേശം ഉണ്ടായിരുന്നെങ്കിൽ 2011 ഓഗസ്റ്റ് മാസം നടപ്പാക്കിയ ചാർജ്ജ് വർദ്ധനയിൽ പ്രസ്തുത മാനദണ്ഡം പാലിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ എന്ത് കൊണ്ട്; | (ഡി) | ബാധകമല്ല |
| (ഇ) രബീന്ദ്രൻ നായർ നിർദ്ദേശിച്ച മാനദണ്ഡം മാറ്റാൻ എന്നാണ് തീരുമാനം എടുത്തത് എന്ന് വിശദമാക്കാമോ? | (ഇ) | ബഹു. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ.എം. രാമചന്ദ്രൻ അദ്ധ്യക്ഷനും കേരള സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർ മെംബർ സെക്രട്ടറിയും ആയി രൂപീകരിച്ച നാലംഗ സമിതി സമൂഹത്തിലെ എല്ലാ മേഖലകളിലും പെട്ട ആൾക്കാരുമായും സംഘടനകളുമായും |

തെളിവെടുപ്പ് നടത്തിയതിനു ശേഷം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ 8.8.2011 മുതലുള്ള ടിക്കറ്റ് വർദ്ധന നടപ്പിൽ വരുത്തിയത്. ആയതിനാൽ ഇതു സംബന്ധമായി മുൻകാലങ്ങളിൽ ഉള്ള കമ്മീഷൻ റിപ്പോർട്ടുകളിലെ നിഗമനങ്ങൾ 08.08.2011 ലെ ടിക്കറ്റ് വർദ്ധനയ്ക്ക് പരിഗണിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ